# KSSIA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION.JANUARY 2026.₹5.00

VOL. 10 - ISSUE NO. 07 - DATE OF PUBLICATION 25TH JANUARY, 2026 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


**കെ. എസ്. എസ്. ഐ യുടെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക സംഘടനയെ ശക്തിപ്പെടുത്തുക**

**ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികൾ**



## രാജ്യത്തെ മുൻനിര വ്യവസായ കേന്ദ്രമാക്കാൻ വിഷൻ 2031

**തന്ത്രപരമായ പരിഷ്കാരങ്ങൾ**


KSIDC
PLANNING A BUSINESS ?
WORRIED ABOUT LICENSE?
One click.
One application.
Kerala is ready!.
https://kswift.kerala.gov.in/
www.ksidc.org
K-SWIFT
KERALA SINGLE WINDOW INTERFACE
FOR FAST & TRANSPARENT CLEARANCE
KERALA FOR INVESTMENT
K-SWIFT FOR APPROVALS
KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED

**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - JANUARY 2026 - ₹5.00

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94473 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Anvar.K.V........... ✆ 93499 35511
Thomas Mathew.. ✆ 80756 59942
Eshaque K.......... ✆ 98470 08185
Dr. K.M. Khalid.. ✆ 94460 34576

**Publisher**
A. Nizarudeen
✆ 94477 10078

**Printer**
Rajesh G.
✆ 98957 03837


**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം


- **എഡിറ്റോറിയൽ:**
- **പ്രസിഡൻഷ്യൽറിപ്പോർട്ട്:** വ്യവസായ വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള ബഡ്ജറ്റ് MSME മേഖലയ്ക്കുള്ള വിഹിതംഅപര്യാപ്തം....................................4
- **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:** കെ. എസ്. എസ്. ഐ യുടെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക സംഘടനയെ ശക്തിപ്പെടുത്തുക...........................................................7
- **രാജ്യത്തെ മുൻനിര വ്യവസായ കേന്ദ്രമാക്കാൻ വിഷൻ 2031**.....................................................8
- **ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികൾ**.....................10
- **പ്ലാസ്റ്റിക്ക് റീസൈക്ലിങ്**..................................12
- **റെയ്ഡിന് ജി.എസ്.ടി**...................................14
- **Kseb Order**........................................................16
- **ഏതൊരു സംരംഭത്തിനും വായ്പ എടുക്കാവുന്ന ടി.എഫ്.ആർ**..........................20
- **IIE & Mahavyavasayi sangamam Photos**............21


## എഡിറ്റോറിയൽ

### മഹാ സംഗമത്തിന്റെ സംതൃപ്തിയിൽ



വ്യവസായ സംഗമങ്ങളിൽ ചരിത്രം സൃഷ്ടിച്ച ഒരു സംഗമം ആയിരുന്നു നമ്മുടെ എറണാകുളം മഹാവ്യവസായിസംഗമം. വ്യവസായത്തെ സ്നേഹിക്കുന്ന ഒരു സമൂഹത്തിൻറെ ഒരുമയുടെ പെരുമയായി ഈ സംഗമം ചരിത്രത്തിന്റെ അടയാളമായി.

ഇത് സംഘടിപ്പിച്ച നമ്മുടെ സംഘടനയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തിയും സകല ചെറുകിട ഇടത്തരം വ്യവസായികൾക്കും വേണ്ടിയാണ്. അംഗങ്ങൾക്ക് വേണ്ടി മാത്രമല്ല. പക്ഷേ അംഗങ്ങൾ അല്ലാത്തവരും അംഗങ്ങൾ ആകുന്നതിൻറെ പ്രസക്തി വളരെ വലുതാണ്.

അംഗങ്ങൾ അല്ലെങ്കിലും ആനുകൂല്യങ്ങൾ എത്തുമെങ്കിലും വ്യവസായങ്ങളുടെ ചലനങ്ങളും പുരോഗതിയും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളും, ഈ രംഗത്തുള്ള ഓരോ യൂണിറ്റും വ്യവസായത്തിന്റെ വളർച്ചയ്ക്കായി എന്ത് ചെയ്യാൻ കഴിയും എന്ന അറിവും, പുതിയ പുതിയ ഉത്തരവുകളും, നിർദ്ദേശങ്ങളും, വിദഗ്ധരുടെ ക്ലാസുകളും അവരുടെ ലേഖനങ്ങളും നമുക്ക് സഹായകമായി തീരുന്നുണ്ട്.

ഇതൊക്കെ നമുക്ക് ഓരോരുത്തർക്കും നേരിൽ അറിയാൻ, നമ്മുടെ ഈ സംഘടനയിൽ അംഗങ്ങളാകുന്നത് ഏറെ സൗകര്യമായിരിക്കും. അംഗങ്ങൾ ആകുന്നതോടെ, നമ്മുടെ യൂണിറ്റുകളിൽ പുതിയ അറിവുകളുമായി മാസംതോറും നമ്മുടെ മാഗസിനും എത്തും. എല്ലാ വ്യവസായ പ്രശ്നങ്ങളും ഒത്തുചേർന്ന് ചർച്ച ചെയ്യുവാൻ കഴിയും.

ഇന്ന് നമ്മുടെ സംഘടനാ പ്രസിഡൻറ്, സർക്കാരിൻറെ വ്യവസായവുമായി ബന്ധപ്പെട്ട 36 കമ്മിറ്റികളിൽ അംഗമാണ്. വ്യവസായികളുടെ ആവശ്യവും പ്രശ്നങ്ങളും. അവിടെ ചർച്ച ചെയ്യുന്നു. മാത്രമല്ല വ്യവസായ നയരൂപീകരണ വേളയിൽ നമ്മുടെ സംഘടനയുടെ നിർദ്ദേശങ്ങൾ സർക്കാർ നിർബന്ധമായും ആവശ്യപ്പെടുകയും പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ചുരുക്കത്തിൽ സംഘടനയിൽ അംഗങ്ങളാവുകയും മാഗസിന്റെ വരിക്കാരാവുകയും ചെയ്യേണ്ടത് ഓരോ വ്യവസായികളുടെയും പ്രാഥമിക കടമയായി ഞങ്ങൾ കരുതുന്നു. നമുക്ക് ഒത്തുചേരാം അറിവും ആശയങ്ങളും പങ്കുവയ്ക്കാം.


ജില്ലാ കമ്മിറ്റികൾ അടിയന്തരമായി ഈ സാമ്പത്തിക വർഷം തന്നെ തിരക്കിനിടയിലും പരമാവധി സമയം കണ്ടെത്തി ഇതിനായി പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രവർത്തിച്ചാൽ പ്രസക്തിയേറും എന്നതിന്റെ ഉത്തമ ഉദാഹരണമാണ്, നമ്മുടെ മഹാ സംഗമം സകല പത്ര ദൃശ്യമാധ്യമങ്ങളും ജന സമൂഹത്തിലെത്തിച്ചത്.

എല്ലാവരുടേയും സഹകരിക്കണം പ്രതീക്ഷിച്ചുകൊണ്ട്.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

## പ്രസിഡൻഷ്യൽ റിപ്പോർട്ട്



# വ്യവസായ വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള ബഡ്ജറ്റ് MSME മേഖലയ്ക്കുള്ള വിഹിതം അപര്യാപ്തം.

സംസ്ഥാനത്തിലെ നിലവിലുള്ള വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വ്യവസായ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ് ധനകാര്യ മന്ത്രി നിയമ സഭയിൽ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റ്. എന്നാൽ MSME മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തു ഈ മേഖലയ്ക്കു ഗണ്യമായ തുക നീക്കി വെയ്ക്കുമെന്നു പ്രതീക്ഷിച്ചിരുന്നുവെങ്കിലും അത് ബഡ്ജറ്റിൽ പ്രതിഫലിച്ചില്ല. വ്യവസായവും ധാതുക്കളും മേഖലയ്ക്ക് 1973 കോടി നീക്കിവെച്ചപ്പോൾ MSME മേഖലയ്ക്ക് 310.84 കോടി മാത്രമാണു വക വെച്ചിട്ടുള്ളത്. ഊർജ്ജ മേഖലയുടെ വികസനത്തിനു 1309.84 കോടിയും വൈദ്യുതി ബോർഡിന്റെ വിവിധ പദ്ധതികൾക്കായി 1233.80 കോടിയും നീക്കിവെച്ചതു ഊർജ്ജ മേഖലയെ ഒരു വൻ കുതിപ്പിനു സഹായകരമാകും. ഗ്രാമീണ അപ്പാരൽ പാർക്കിനും, ഇലക്ട്രോണിക് അസംബ്ലികളും സ്ഥാപിക്കാൻ 10 കോടി മിഷൻ 1 ലക്ഷം പദ്ധതിക്ക് 4 കോടി, സ്വകാര്യ പാർക്ക് വികസനത്തിനു 20 കോടി, വ്യവസായ പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു 39.45 കോടി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി വായ്പ 17.6 കോടി, എം. എസ്. എം. ഇ., പ്രത്യേക പാക്കേജിനു 63 കോടി ഇടുക്കി എറണാകുളം ജില്ലകളിൽ 2 പുതിയ മിനി ഫുഡ് പാർക്കുകൾക്ക് 12 കോടി, കൊട്ടാരക്കരയിൽ ഇന്റഗ്രേറ്റഡ് ഐടി പാർക്കിനു 10 കോടി, കണ്ണൂർ, കാസർഗോഡ് എറണാകുളം ജില്ലകളിൽ 3 വ്യവസായ പാർക്കുകളുടെ വികസനത്തിനു 9.5 കോടി കശുവണ്ടി വ്യവസായ മേഖലയുടെ വികസനത്തിനു 56 കോടിയും പുനരുദ്ധാരണ പദ്ധതിയ്ക്ക് 20 കോടിയും നീക്കിവെച്ച ബഡ്ജറ്റ് നിർദേശങ്ങൾ വ്യവസായ മേഖലയുടെ വികസനത്തിനു ആക്കം കൂട്ടും. വ്യവസായ സംരംഭകർക്കു നല്കുന്ന മൂലധന സബ്സിഡി നീക്കിവെച്ചതു 110 കോടി രൂപയാണ് അത് തീരെ അപര്യാപ്തമാണ്. കാരണം ഫണ്ടിന്റെ അഭാവം മൂലം നൂറുകണക്കിനു സംരംഭകരുടെ പാസ്സായ സബ്സിഡി തുക ഇപ്പോഴും വ്യവസായ വകുപ്പിനു കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടില്ല. കെ. എഫ്. സി. മുഖാന്തിരം കുറഞ്ഞ പലിശയ്ക്ക് 50 കോടി രൂപ വരെ നല്കുന്ന വായ്പ പദ്ധതിയുടെ കാലാവധി 2 വർഷം കൂടി നീട്ടിയതു പുതിയ സംരംഭകരെ ആകർഷിക്കാൻ സഹായകരമാണ്. പാദരക്ഷ ക്ലസ്റ്റർ മേഖലയ്ക്ക് 2 ശതമാനം രൂപ സബ്സിഡിയോടുകൂടി 20 കോടി രൂപ വരെ വായ്പ നല്കുന്ന പദ്ധതി കെ. എഫ്. സി. നടപ്പാക്കുമെന്ന പ്രഖ്യാപനം പാദരക്ഷാ വ്യവസായം തഴച്ചുവളരാൻ ഇടയാക്കും. നികുതി കുടിശ്ശികക്കാരുടെ അസ്സസ്സ്മെന്റിൽ തെറ്റായി കയറിവന്ന 50,000 രൂപ കുടിശ്ശികയും പലിശയും കൂടി തള്ളുന്ന ആംനെസ്റ്റി പദ്ധതിയുടെ കാലാവധി 2027 മാർച്ച് 31 വരെ നീട്ടിയതു ഈ മേഖലയിലുള്ളവർക്ക് ആശ്വാസകരമാണ്. നികുതിദായകരെ ആദരിക്കുന്ന പദ്ധതിയ്ക്ക് 5 കോടി രൂപ നീക്കിവെച്ചതു നികുതിദായകരെ വിശ്വാസത്തിലെടുത്തും, അവരെ അംഗീകരിക്കാനും, ചെറുകിട വ്യവസായികൾക്ക് സാമൂഹ്യ സുരക്ഷ പദ്ധതിയ്ക്ക് 1 കോടി രൂപ നൽകാനും തയ്യാറായ സർക്കാരിനെ KSSIA അഭിനന്ദിക്കുന്നു.



കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം ജനുവരി 23 ന് ഇറക്കിയ നോട്ടിഫിക്കേഷൻ MSME മേഖലയ്ക്കുള്ള വളരെ സഹായകരം.

വായു മലിനീകരണവുമായി ബന്ധപ്പെട്ട അനുമതികൾ നല്കുന്നതിലെ ഭേദഗതികളിലെ വ്യവസ്ഥകൾ വ്യവസായ മേഖലയ്ക്ക് വളരെ ഗുണകരമാണ്. ഒരിക്കൽ പ്രവർത്തനാനുമതി ലഭിച്ചാൽ അതു റദ്ദാക്കുന്നതുവരെ കാലാവധി നിലനില്ക്കും. അപേക്ഷകളിലെ വിവരങ്ങൾ പരിശോധിക്കാനും സ്ഥലം സന്ദർശിക്കാനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർക്കു പുറമെ ഒരു രജിസ്റ്റേർഡ് എൻവിയോൺമെന്റ് സീറ്ററെ ചുമതലപ്പെടുത്താൻ സംരംഭകന് അവകാശമുണ്ട്. സർക്കാർ നോട്ടീഫൈഡ് ചെയ്ത വ്യവസായ എസ്റ്റേറ്റുകളിലെ വ്യവസായ മേഖലകളിലോ ഉള്ള സൂഷ്മ ചെറുകിട യൂണിറ്റുകൾക്കുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷ സമർപ്പിച്ചാൽ തന്നെ വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭിച്ചതായി കണക്കാക്കാം. മലിനീകരണ നിയമവുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളിൽ പരിശോധനകൾ നടത്തുന്നതിനായി കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ നിലവിൽ വരും. വായു മലിനീകരണ നിയമപ്രകാരമുള്ള അനുമതിയും ഒരൊറ്റ നടപടി ക്രമത്തിലൂടെ ലഭിക്കും. പ്രവർത്തനാനുമതിയ്ക്കായി 5 മുതൽ 25 വർഷം വരെയുള്ള കാലയളവിലേയ്ക്ക് ഒറ്റത്തവണ ഫീസ് അടയ്ക്കാനുള്ള സൗകര്യം കാലാവധി കഴിഞ്ഞാൽ മാത്രം പിന്നീട് ഫീസ് അടയ്ക്കേണ്ടതുള്ളൂ.സ്ഥലം, കെട്ടിടം (സ്റ്റാഫ് കോർട്ടേഴ്സ്, ഗസ്റ്റ് ഹൗസ് ഉൾപ്പെടെ) പ്ലാന്റ് ആന്റ് മെഷിനറി, മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾ എന്നിവയ്ക്ക് മുടക്കിയ തുകയായിരിക്കും മൂലധന നിക്ഷേപമായി കണക്കാക്കുക. കെട്ടിടം വാടകയ്ക്ക് ആണെങ്കിൽ വാടകയുടെ 10 മടങ്ങ് തുകയോ അല്ലെങ്കിൽ സ്ഥലത്തിന്റെ സർക്കാർ നിശ്ചയിച്ചിട്ടുള്ള ന്യായവിലയോ ഏതാണ് കൂടുതൽ അതു സ്ഥലത്തിന്റെ വിലയായി കണക്കാക്കുക തുടങ്ങിയ വ്യവസായങ്ങൾക്ക് അനുകൂലമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ പ്രത്യേക നോട്ടിഫിക്കേഷൻ അനുമതി ലഭിക്കുന്നത് എളുപ്പമാക്കാനും കാലതാമസം ഒഴിവാക്കാനും ലക്ഷ്യം വച്ചുകൊണ്ടുള്ള കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൻ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസായ വളർച്ചയ്ക്ക് വളരെ സഹായകരമാകും.

ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സിബിഷനും വ്യവസായി മഹാസംഗമവും, വിജയിപ്പിക്കാൻ സഹകരിച്ച എല്ലാവർക്കും നന്ദി.

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷനും മെട്രോ മാർട്ടും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വ്യവസായ വകുപ്പുമായി സഹകരിച്ചു 2026 ജനുവരി 16,17,18 തീയതികളിൽ അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെൻററിൽ വെച്ച് നടത്തിയ വ്യവസായി എക്സിബിഷനും വ്യവസായി മഹാസംഗമവും വിജയകരമായി സമാപിച്ചു. സംസ്ഥാനത്തിലെയും ഇതരസംസ്ഥാനത്തിലെയും വിദേശത്തു നിന്നുമുള്ള വ്യവസായികളും മെഷിനറി നിർമ്മാതാക്കളും ഇ. വി. മേഖലയും പങ്കെടുത്ത ഈ എക്സിബിഷൻ സംഘടനയുടെ ചരിത്രത്തിലെ എടുത്തുപറയാവുന്ന ഒരു സംഭവമാണ്. അതുപോലെ 18ാം തീയതി നടന്ന വ്യവസായി മഹാസംഗമത്തിലും സംസ്ഥാനത്തിലെ എല്ലാജില്ലകളിൽ നിന്നുമായി ആയിരക്കണക്കിനു വ്യവസായികൾ പങ്കെടുത്തു. ഈ മഹാസംഗമം വൻ വിജയമായിരുന്നു സംഘടന നടത്തിയ ഈ എക്സിബിഷനും വ്യവസായി സംഗമവും സർക്കാർ മേഖലയിലും പൊതുജനത്തിനിടയിലും സംഘടനയുടെ ഐക്യവും കെട്ടുറപ്പും വിളിച്ചോതുന്ന ചരിത്ര സംഭവമായി എഴുതപ്പെടും. സംഘടനയ്ക്ക് മന്ത്രി ഉദ്യോഗസ്ഥ തലത്തിലുള്ള സ്വാധിനവും അംഗീകാരവും കൂടുതൽ മെച്ചപ്പെടുത്താനും KSSIA യ്ക്ക് വ്യവസായ മേഖലയിൽ അവഗണിക്കാൻ പറ്റാത്ത ഒരു പ്രസ്ഥാനമായി മാറാനും സാധിച്ചു എന്നുള്ളതു പ്രത്യേകം എടുത്ത് പറയേണ്ടതാണ്. ഇന്ന് സംഘടനയ്ക്ക് ലഭിച്ച അംഗീകാരക്കൂടുതൽ പ്രയോജനപ്പെടുത്താൻ സംഘടനയിലെ അംഗങ്ങൾ ശ്രമിക്കുന്നതോടൊപ്പം സംഘടനയിൽ അംഗങ്ങളായി ചേരാത്ത വ്യവസായികളെ അംഗങ്ങളായി ചേർത്ത് നമ്മുടെ സംഘടനയെ ഒരു മഹത്തായ പ്രസ്ഥാനമായി വളർത്തിക്കൊണ്ടുവരുവാനുള്ള പ്രവർത്തനങ്ങൾ വ്യവസായികളായ നമ്മുടെ കർത്തവ്യമായിരിക്കണം. വ്യവസായി എക്സിബിഷനും വ്യവസായി സംഗമവും വൻ വിജയപ്രദമാക്കുന്നതിനു പ്രവർത്തിച്ച എല്ലാ ജില്ലാ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ഓഫീസ് ഭാരവാഹികൾ, ജനറൽ കൗൺസിൽ, സംസ്ഥാന കമ്മിറ്റി അംഗങ്ങൾ വ്യവസായ സുഹൃത്തുക്കൾ എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം വ്യവസായികളായ എല്ലാവരെയും അംഗങ്ങളായി ചേർത്ത് നമ്മുടെ സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തണമെന്നു എല്ലാവരോടും ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**




K E R A M

JEEVAJALAM

**Small Scale Packaged Drinking Water Manufacturers Association**

Azhiyidathuchira P.O.,
Kuzhivelippuram,
Thiruvalla, Pathanamthitta.

Mob: 9447755462
Email: keralakspdwma@gmail.com

**Thiruvananthapuram**
9387 717 171

**Kollam**
9447 247 720

**Alapuzha**
9539 738 386

**Pathanamthitta**
9349 612 103

**Kottayam**
9745 649 833

**Ernakulam**
9447 216 444
9497 279 765


വോയിസ് ഓഫ് ജനറൽ സെക്രട്ടറി

# കെ. എസ്. എസ്. ഐ) യുടെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക സംഘടനയെ ശക്തിപ്പെടുത്തുക.



ജോസഫ് പൈകട
ജനറൽ സെക്രട്ടറി

സംസ്ഥാനത്തെ ചെറുകിട വ്യവസായികളെ (എം. എസ്. എം. ഇ) പ്രതിനിധീകരിക്കുന്ന ഏക അംഗീകൃത സംഘടനയായ കേരള സംസ്ഥാന ചെറുകിട അസോസിയേഷൻ രൂപം കൊണ്ടിട്ട് 65 വർഷമായി കളമശ്ശേരിയിൽ സംസ്ഥാന കമ്മിറ്റി ഓഫീസും 14 ജില്ലകളിൽ ജില്ലാഘടകങ്ങളും പ്രവർത്തിക്കുന്നു. ഇതിനു പുറമെ 14 ജില്ലകളിലും താലൂക്ക് കമ്മിറ്റികളും പ്രവർത്തിച്ചു വരുന്നു. വ്യവസായികളുടെ കെട്ടുറപ്പുള്ളതും ഐക്യത്തോടുകൂടെയും പ്രവർത്തിക്കുന്ന സംഘടനയാണ് KSSIA. ഇന്ന് സംസ്ഥാനത്തെ വ്യവസായ മേഖലയിൽ ഉണ്ടായ വ്യവസായ സൗഹൃദാന്തരീക്ഷം രൂപപ്പെടുത്തുന്നതിൽ സംഘടനയ്ക്കുള്ള പങ്ക് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ലൈസൻസ് സംബന്ധമായ മിക്കവാറുമുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കാനും നിയമങ്ങളും ചട്ടങ്ങളും വ്യവസായ മേഖലയ്ക്ക് അനുകൂലമാക്കാനും സാധിച്ചുവെന്നത് എടുത്ത് പറയേണ്ടതാണ്. വ്യവസായ മേഖലയിൽ നിലനിന്ന തൊഴിൽ അരക്ഷിതാവസ്ഥയ്ക്ക് പരിഹാരം കാണാനുള്ള നടപടിയുടെ ഭാഗമായി നോക്കുകൂലി സമ്പ്രദായം നിരോധിക്കാനും കയറ്റിറക്കുജോലികൾ സ്വന്തം തൊഴിലാളികളെ കൊണ്ടുചെയ്യിക്കാനുമുള്ള ശ്രദ്ധേയമായ നിയമനിർമ്മാണം കൊണ്ടുവരുവാനും സാധിച്ചത് സംഘടനയുടെ കൂടെ ശക്തമായ ഇടപെടലിനെ തുടർന്നാണ്. ഇന്ന് നിലവിലുള്ള സംരംഭകർക്കും പുതിയതായി വരുന്ന നിക്ഷേപകർക്കും സമാധാനപരമായി തങ്ങളുടെ സ്ഥാപനം നടത്തിക്കൊണ്ടുപോകാനുള്ള അന്തരീക്ഷം നമ്മുടെ സംസ്ഥാനത്തുണ്ടായത് നമ്മുടെ സംഘടയുടെയും കൂടിയുള്ള സ്വാധീനത്തിന്റെ ഫലമായയാണ്. സർക്കാർ തലത്തിലും മന്ത്രിതലത്തിലും ഉദ്യോഗസ്ഥ തലത്തിലും സംഘടനയുടെ ഭാരവാഹികളുമായുള്ള ബന്ധവും സ്വാധീനവും ഇന്ന് വ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള അനുകൂലകാലാവസ്ഥയ്ക്ക് ഒരു മുഖ്യകാരണമായിട്ടുണ്ട്. ഇതു സംഘടനയുടെ പ്രാധാന്യവും സംഘടനാശക്തിയുടെയും ഫലമായിട്ടുണ്ടായതാണ്. ഇതു കൂടുതൽ ശക്തിപ്പെടുത്താനും സംഘടനയുടെ അംഗബലം വർദ്ധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ വ്യവസായികളായ നമ്മുടെ കർത്തവ്യമാണെന്ന് ഇവിടെ സൂചിപ്പിക്കുന്നു. സംസ്ഥാനത്തു വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന എല്ലാ വ്യവസായികളും സംഘടനയിൽ അംഗങ്ങളായി ചേർന്നിട്ടില്ലെന്നുള്ളതു ഒരു യാഥാർത്ഥ്യമാണ്. എന്നാൽ വ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും ആനുകൂല്യങ്ങളും സംഘടനയിൽ അംഗങ്ങൾ അല്ലാത്തവർ ഉൾപ്പെടെ എല്ലാ വ്യവസായികളും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങൾ സംഘടനയുടെ പുറത്ത് നിൽക്കുന്നവരെ കൂടി ബോധ്യപ്പെടുത്തി അവരെക്കൂടി സംഘടനയിൽ അംഗത്വം എടുപ്പിക്കാനുള്ള ശ്രമങ്ങൾ എല്ലാ ജില്ലാ പ്രസിഡന്റുമാരും, ജില്ലാ ഭാരവാഹികളും, ജനറൽ കൗൺസിൽ, സംസ്ഥാന കമ്മിറ്റി അംഗങ്ങളും നടത്തേണ്ടതാണെന്നു അഭ്യർത്ഥിക്കുന്നു. 2026 - 2027 വർഷം അസോസിയേഷന്റെ തിരഞ്ഞെടുപ്പു കാലഘട്ടമാണ്. ജില്ലാ സംസ്ഥാന തലത്തിൽ പുതിയ നേതൃത്വമായിരിക്കും സംഘടനയുടെ പ്രവർത്തനം നടത്തിക്കൊണ്ടുപോകുന്നത്. എല്ലാ അംഗങ്ങളും എല്ലാ വർഷവും അതായത് 2026 മാർച്ച് 31 നുള്ളിൽ അംഗത്വം പുതുക്കണം. എന്നാൽ 2026 - 2027 തെരെഞ്ഞെടുപ്പു വർഷത്തിൽ അംഗത്വം പുതുക്കേണ്ട അവസാന തീയതി 2026 ഏപ്രിൽ 30 വരെയാണ്. ഈ കാലഘട്ടത്തിൽ എല്ലാ അംഗങ്ങളും തങ്ങളുടെ അംഗത്വം അതാത് ജില്ലകൾ മുഖാന്തിരം നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയും പുതിയ അംഗങ്ങളെ ചേർത്തും സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾ സുഗമകരമാക്കാനുള്ള പ്രവർത്തനത്തിൽ ഏർപ്പെട്ടു നമുക്ക് ഒത്തൊരുമിച്ചു ഐക്യത്തോടെ മുന്നോട്ട് പോകാം.




# രാജ്യത്തെ മുൻനിര വ്യവസായ കേന്ദ്രമാക്കാൻ വിഷൻ 2031

***സംസ്ഥാനത്തുടനീളം ബൃഹദ് പദ്ധതികൾ; വ്യവസായ ഇടനാഴികളും ഇനോവേഷൻ ഹബ്ബുകളും യാഥാർഥ്യമാക്കും***

രാജ്യത്തെ മുൻനിര വ്യവസായ നിക്ഷേപ കേന്ദ്രമായി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് 'വിഷൻ 2031' പദ്ധതി രേഖ അവതരിപ്പിച്ചു. സംസ്ഥാനത്തെ വ്യവസായമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള ഈ രേഖ, പരിഷ്കരണങ്ങൾ, വ്യവസായ ഇടനാഴികൾ, ഇനോവേഷൻ ഹബ്ബുകൾ, പ്രത്യേക നിക്ഷേപ മേഖലകൾ തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്നതാണ് വ്യവസായ ടൗൺഷിപ്പുകളും പ്രത്യേക നിക്ഷേപ മേഖലകളും സ്ഥാപിക്കുന്നതിന് ആവശ്യമായ നിയമപരിഷ്കാരങ്ങൾ നടപ്പാക്കുമെന്നും ഏകജാലക ക്ലിയറൻസ് സംവിധാനം കൂടുതൽ ശക്തമാക്കുമെന്നും പദ്ധതി വ്യക്തമാക്കുന്നു. ഭാവിയിലെ വ്യവസായ ആവശ്യങ്ങൾക്കനുസൃതമായി യുവജനങ്ങളെ സജ്ജമാക്കുന്നതിനായി പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ നൈപുണ്യവികസന സംരംഭക സർവകലാശാല സ്ഥാപിക്കാനും ലക്ഷ്യമിടുന്നു വ്യവസായ അധിഷ്ഠിത വിദ്യാഭ്യാസം, വിജ്ഞാന സമ്പാദനം എന്നിവ സംയോജിപ്പിക്കുന്നതിലൂടെ തൊഴിൽക്ഷമത വർധിപ്പിക്കുകയാണ് ഇൻകുബേഷൻ ലക്ഷ്യം


വിഴിഞ്ഞം തുറമുഖത്തെ ആധാരമാക്കി സമീപ പ്രദേശങ്ങളെ ആഗോള സാമ്പത്തിക കേന്ദ്രമായി വികസിപ്പിക്കുന്നതിനായി വിഴിഞ്ഞം ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ യാഥാർത്ഥ്യമാക്കും തുറമുഖ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന ഈ പദ്ധതിയിൽ എട്ട് ക്ലസ്റ്ററുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തുറമുഖാധിഷ്ഠിത സ്മാർട്ട് വ്യവസായ സാമ്പത്തിക ആവാസവ്യവസ്ഥയുടെ ഭാഗമായി 1,700 ഏക്കറിലായി വിഴിഞ്ഞം കൊല്ലം പുനലൂർ വളർച്ചാരൂപീകരിക്കും. സംസ്ഥാനത്തെ ഉന്നത സാങ്കേതിക കേന്ദ്രങ്ങളുടെ ആഗോള ലക്ഷ്യസ്ഥാനമാക്കുന്നതിനായി 200 ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനും ജിസിസികൾക്കും ഗ്ലോബൽ ടെക്നോളജി സെന്ററുകൾക്കുമായി പ്രത്യേക ഇനോവേഷൻ പാർക്കുകൾ വികസിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

കൊച്ചി ബെംഗളൂരു വ്യവസായ ഇടനാഴിയുടെ പ്രധാന ഘടകമായി 358 ഏക്കറിൽ കൊച്ചി ഗ്ലോബൽ സിറ്റി പദ്ധതി നടപ്പാക്കും. ആഗോള ധനകാര്യ, കോർപ്പറേറ്റ് സ്ഥാപനങ്ങളെ ആകർഷിക്കുന്ന ഈ പദ്ധതിയിലൂടെ 1.20 ലക്ഷം നേരിട്ടുള്ളതും 3.6 ലക്ഷം പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. അതോടൊപ്പം, ഏറോ ഡിഫൻസ്, ഡ്രോൺ വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിച്ച് സംസ്ഥാനത്തെ പ്രതിരോധ മേഖലയിലെ സാധ്യതകൾ വർധിപ്പിക്കുമെന്നും പദ്ധതി രേഖ വ്യക്തമാക്കുന്നു. മലബാർ മേഖലയിലെ വ്യവസായ സാധ്യതകൾ പ്രയോജനപ്പെടുത്തി കോഴിക്കോട് മലപ്പുറം വ്യവസായ ക്ലസ്റ്ററിന്റെ ഭാഗമായി ബയോടെക് ആൻഡ് ലൈഫ് സയൻസസ് ക്യാംപസും ഇ.എസ്.ഡി.എം. ആൻഡ് പവർ ഇലക്ട്രോണിക്സ് ക്യാംപസും സ്ഥാപിക്കും




കായികമേഖല, വ്യവസായം, ആരോഗ്യ സംരക്ഷണം എന്നിവ സംയോ

ജിപ്പിച്ചുള്ള മൾട്ടി.സെക്ടറൽ മെഗാ പദ്ധതിയായ അരീന മലബാർ (കേരള സ്പോർട്സ് മെട്രോപോളിസ്) കായിക ഉപകരണ നിർമ്മാണത്തിനും അത്ലീറ്റുകൾക്കുള്ള സമഗ്ര ആരോഗ്യ പരിരക്ഷാ കേന്ദ്രമായും വികസിപ്പിക്കും ഫിൻടെക്,ഐടി.ഇ.എസ്, എ.ഐ. ആൻഡ് റോബോട്ടിക്സ്, കൈത്തറി, ലോജി സ്റ്റിക്സ് തുടങ്ങിയവ കേന്ദ്രീകരിച്ച് കണ്ണൂർ കാസർഗോഡ് വ്യവസായ ഇടനാഴിയും രൂപീകരിക്കും. കൊല്ലത്ത് മെഗാ ഭക്ഷ്യസംസ്കരണ പാർക്ക് സ്ഥാപിച്ച് സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്രോത്പന്നങ്ങൾ, നാളികേര ഉൽപ്പന്നങ്ങൾ, കശുവണ്ടി ഉൽപ്പന്നങ്ങൾ എന്നിവയുടെ മൂല്യവർധനയ്ക്ക് പ്രാധാന്യം നൽകും. ആലപ്പുഴയിൽ മാരിടൈം ആൻഡ് മറൈൻ പാർക്കും തിരുവനന്തപുരത്ത് മെഡിക്കൽ ബയോടെക് ഹബ്ബും, കോട്ടയത്ത് ചെറുകിട വ്യവസായങ്ങളെ സംയോജിപ്പിച്ചുള്ള മെഗാ ഇൻഡസ്ട്രിയൽ സിറ്റിയും സ്ഥാപിക്കും തൃശൂരിൽ റോബോട്ടിക്സ് പാർക്കും ജെം ആൻഡ് ജ്വല്ലറി പാർക്കും സ്ഥാപിക്കുന്നതിനൊപ്പം, വയനാട്ടിൽ കോഫി പാർക്കും പാലക്കാട്ട് ഗ്രാഫീൻ അറോറ പാർക്കും പദ്ധതിയുടെ ഭാഗമാണ്. കൊച്ചി, തിരുവനന്തപുരം നഗരങ്ങളെ ആധാരമാക്കി ഗ്രീൻ ഹൈഡ്രജൻ വാലി പദ്ധതി 2031ഓടെ പ്രവർത്തനക്ഷമമാക്കും വീടുകളെ തന്നെ ബിസിനസ് കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സൗകര്യങ്ങളും സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി ഒരുക്കും





ചെറുകിട ഇടത്തരം വ്യവസായങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ഒരു ലക്ഷം നാനോ മൈക്രോ സംരംഭങ്ങളെ ലക്ഷ്യമിട്ടുള്ള എം.എസ്.എം.ഇ. സ്കെയിലിംഗ് പദ്ധതിയും വ്യവസായ പാർക്കുകളുടെ വികസനത്തിന്റെ ഭാഗമായി 50 കാമ്പസ് വ്യവസായ പാർക്കുകൾ, 100 സ്വകാര്യ വ്യവസായ പാർക്കുകൾ, 25 പ്രവാസി വ്യവസായ പാർക്കുകൾ എന്നിവയും സ്ഥാപിക്കും. ഇത്തരം പദ്ധതികളിലൂടെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ വരുമാന വർധനയും ലക്ഷ്യമിടുന്നു

തന്ത്രപരമായ പരിഷ്കാരങ്ങൾ, വ്യവസായ ഇടനാഴികൾ, നൂതന കേന്ദ്രങ്ങൾ, സുസ്ഥിര വികസന സംരംഭങ്ങൾ എന്നിവയിലൂടെ കേരളത്തെ ഇന്ത്യയുടെ പ്രധാന വ്യവസായ ലക്ഷ്യസ്ഥാനമാക്കി മാറ്റുന്ന സമഗ്ര കാഴ്ചപ്പാടാണ് 'വിഷൻ 2031' മുന്നോട്ടുവയ്ക്കുന്നത്. ആധുനിക അടിസ്ഥാന സൗകര്യങ്ങൾ നൈപുണ്യമുള്ള മനുഷ്യ വിഭവശേഷി, ആഗോള നിക്ഷേപ സൗഹൃദ അന്തരീക്ഷം എന്നിവയിലൂടെ കേരളത്തെ ഒരു വ്യവസായ കേന്ദ്രം മാത്രമല്ല, ഭാവിയെ രൂപപ്പെടുത്തുന്ന വികസന മാതൃകയായി മാറ്റുകയാണ് പദ്ധതിയുടെ ലക്ഷ്യം കേരളത്തിന്റെ സാദ്ധ്യതകൾ ഏകോപിപ്പിച്ച് രാജ്യത്തെ മുൻനിര വ്യവസായ കേന്ദ്രങ്ങളിലൊന്നാക്കി മാറ്റാനുള്ള യാത്രയ്ക്കാണ് ഈ പദ്ധതി അടിത്തറയിടുന്നത് നിക്ഷേപ സൗഹൃദ അന്തരീക്ഷവും സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളും ശക്തമായ അടിസ്ഥാന സൗകര്യങ്ങളും ഒത്തുചേരുമ്പോൾ കേരളം പുതിയ വ്യവസായ യുഗത്തിലേക്ക് ആത്മവിശ്വാസത്തോടെ മുന്നേറുമെന്ന് വിഷൻ 2031' വ്യക്തമാക്കുന്നു.

**KSIDC**

# ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികൾ



വിശ്വനാഥൻ ഒടാട്ട്
മാനേജിംഗ് ഡയറക്ടർ,
ഫോൺ: 9895768333,
odatt@aimsinsurance.in




റിസ്കുകൾ വർദ്ധിച്ചുവരുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഗ്രൂപ്പ് ഇൻഷുറൻസ് പോളിസികളുടെ പ്രധാന്യം കൂടിവരികയാണ്. ഗ്രൂപ്പ് ഇൻഷുറൻസ് പോളിസി എടുക്കുന്ന ആളുകൾ ഇപ്രകാരമാണ്. അസോസിയേഷൻ മെമ്പർമാർ, തൊഴിലാളി സംഘടനകൾ. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തിട്ടുള്ളവർ, പ്രൊഫഷണലുകൾ, കോഓപ്പറേറ്റീവ് സൊസൈറ്റികളിലെ മെമ്പർമാർ, തൊഴിലാളി സംഘടനകൾ, ചാരിറ്റബിൾ സൊസൈറ്റികൾ, ക്ലബ്ബുകൾ, ഏതെങ്കിലും പ്രത്യേക മേഖലയിലെ ഉപഭോക്താക്കൾ എന്നിവരാണ് പ്രധാനമായും 'ഗ്രൂപ്പ്' എന്ന പരിധിയിൽ പെടുന്നവർ. ഗ്രൂപ്പ് ഇൻഷുറൻസ് എടുക്കുമ്പോൾ ലഭിക്കുന്ന പ്രധാന ഗുണങ്ങൾ ഇവയാണ്. ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്ക്. ഗ്രൂപ്പിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായി 'കസ്റ്റമൈസ്' പാക്കേജ് പോളിസി പോളിസി നിബന്ധനകളിൽ നിന്നും മാറ്റങ്ങൾ വരുത്തി മെമ്പർമാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ (ഉദാഹരണത്തിന് മെഡിക്ലെയിം പോളിസിയിൽ നിലവിലുള്ള അസുഖങ്ങൾ, ഉൾപ്പെടുത്തുക), ഇൻകം ടാക്സ് ആനുകൂല്യം എന്നിവയാണ്. ഗ്രൂപ്പ് പോളിസികൾ നടപ്പിലാക്കുമ്പോൾ പലവിധ ആനുകൂല്യങ്ങൾക്കും കുറഞ്ഞ നിരക്കിൽ വളരെ ലളിതമായ നടപടിക്രമങ്ങളോടെ മെമ്പർമാർക്ക് ലഭ്യമാകുന്നു. മെമ്പർമാരുടെ ക്ഷേമകാര്യങ്ങളിൽ മുൻകൈ എടുത്ത് നടപ്പിലാക്കുന്നവർക്ക് രണ്ടുതരത്തിലുള്ള ഗുണമുണ്ട്. ഒന്ന് ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുക വഴി മെമ്പർമാരുടെ ബാധ്യതകൾ കുറഞ്ഞുവരും, റിസ്കുകൾ സംരക്ഷിക്കപ്പെടും, രണ്ടാമതായി പലപ്പോഴും നിയമപരമായ ബാധ്യത നിറവേറ്റുക വഴി മറ്റു നിയമ നടപടികളിൽ നിന്നും ഒഴിവായി കിട്ടുകയും ചെയ്യും.

## ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് പോളിസി

സാധാരണ ഹെൽത്ത് ഇൻഷുറൻസ് പോളിസികളിൽ നിന്ന് ഗ്രൂപ്പ് ഇൻഷുറൻസിനെ വ്യത്യസ്ഥമാക്കുന്നത് ഇതിൽ കവർ ചെയ്യുന്ന റിസ്കുകളാണ്. ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് പോളിസികൾ 'കസ്റ്റമൈസഡ് ആയതിനാൽ ഗ്രൂപ്പിലെ മെമ്പർമാരുടെ ആവശ്യാനുസരണം പോളിസികൾ ചിട്ടപ്പെടുത്തി എടുക്കാൻ സാധിക്കും. ഗ്രൂപ്പ് പോളിസികളിൽ പൊതുവെ കുറഞ്ഞ പ്രീമിയം തുകയായിരിക്കും നൽകേണ്ടത്. എന്നാൽ എത്രത്തോളം അധികരിച്ച് ആനുകൂല്യങ്ങൾ നൽകുന്നുവോ, അതിനനുസരിച്ച് പ്രീമിയത്തിൽ വർദ്ധനവ് ഉണ്ടായിരിക്കും. കുടുംബാഗങ്ങളെ മുഴുവനായും ഗ്രൂപ്പ് ഇൻഷൂറൻസിൽ ചേർക്കാനും അവസരമുണ്ട്. പോളിസിയിൽ ചേരാൻ മെഡിക്കൽ പരിശോധന ആവശ്യമില്ല എന്നത് ഗ്രൂപ്പ് പോളിസിയുടെ പ്രത്യേകതയാണ്. ഗ്രൂപ്പ് ഇൻഷുറൻസിൽ മെമ്പർമാർക്ക് മാത്രമായും, കുടുംബാഗങ്ങളെ ഒന്നിച്ചും ഇൻഷൂർ ചെയ്യാവുന്നതാണ്. പോളിസിയിൽ ചേരാനായി അംഗങ്ങളുടെ പേര്, പ്രായം, ഇൻഷൂർ ചെയ്യേണ്ട തുക, ഇൻഷൂർ ചെയ്യുന്ന ആളുമായുള്ള ബന്ധം എന്നീ വിവരങ്ങൾ നൽകിയാൽ മതി. ഇൻഷൂർ ചെയ്യുന്ന തുക, കവർ ചെയ്യുന്ന റിസ്കുകൾ, പോളിസിയിൽ ചേരുന്നവരുടെ എണ്ണം എന്നിവയെ ആസ്പദമാക്കിയാണ് പ്രീമിയം തുക നിശ്ചയിക്കുന്നത്.

## അപകട ഇൻഷുറൻസ് പോളിസി

നിത്യ ജീവിതത്തിൽ നാം നേരിട്ടുന്ന റിസ്കുകളിൽ പ്രധാനപ്പെട്ട ഒന്നാണ് അപകടങ്ങൾ. അപകടങ്ങൾ മൂലം മരണം, അംഗവൈകല്യങ്ങൾ, ചികിത്സാ ചിലവുകൾ എന്നിവ ഉണ്ടാകുന്നു. ഇത്തരം സാഹചര്യങ്ങളിൽ നമുക്ക് ഒരു കൈത്താങ്ങായി പ്രവർത്തിക്കാൻ നടപ്പിലാക്കുന്ന അപകട ഇൻഷുറൻസ് പോളിസിയുടെ വിശദവിവരങ്ങളാണ് ചുവടെ കൊടുക്കുന്നത്. 18 വയസ്സു മുതൽ 70 വയസ്സുവരെ പ്രായം ഉള്ളവർക്ക് പോളിസിയിൽ ചേരാവുന്നതാണ്. ഇൻഷൂർ ചെയ്യുന്ന തുക, കവർ ചെയ്യുന്ന റിസ്കുകൾ, പോളിസിയിൽ ചേരുന്നവരുടെ എണ്ണം എന്നിവയെ ആസ്പദമാക്കിയാണ് പ്രീമിയം തുക നിശ്ചയിക്കുന്നത്. ഇൻഷൂർ ചെയ്യാൻ ആയി അംഗങ്ങളുടെ പേര്, തൊഴിൽ, പ്രായം, നോമിനി എന്നീ വിവരങ്ങൾ നൽകിയാൽ മതി.

## ഗ്രൂപ്പ് ടേം ലൈഫ് ഇൻഷുറൻസ്

ഈ പോളിസി പ്രകാരം അസുഖം മൂലമോ, അപകടം മൂലമോ മരണം സംഭവിച്ചാൽ നഷ്ടപരിഹാരം ലഭിക്കുന്നതാണ്. ഇൻഷൂർ ചെയ്ത തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുക. ഇത് ഒരു ഗ്രൂപ്പ് പോളിസിയായതിനാൽ ഗ്രൂപ്പിലെ എല്ലാവരേയും ഉൾപ്പെടുത്തി ഇൻഷൂർ ചെയ്യേണ്ടത് ആവശ്യമാണ്. 18 വയസ്സു മുതൽ 65 വയസ്സുവരെ ഉള്ളവർക്ക് മാത്രമെ പോളിസിയിൽ ചേരാൻ അർഹതയുള്ളൂ. പോളിസിയിൽ ചേരാനായി, പേര്, ജനന തിയ്യതി, വയസ്സ്, തൊഴിൽ നോമിനി യുടെ പേര്, നോമിനിയുമായുള്ള ബന്ധം, ബന്ധപ്പെടേണ്ട നമ്പർ, ഗ്രൂപ്പിന്റെ മേൽവിലാസം, ആധാർ നമ്പർ എന്നിവ എക്സൽ ഫോമിൽ നൽകിയാൽ മതി. മേൽപറഞ്ഞ പോളിസികളിലെ വിശദ വിവരങ്ങൾ അറിയാനും നടപ്പിലാക്കാനും ആഗ്രഹിക്കുന്ന സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവർ എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനിയുമായി ബന്ധപ്പെടേണ്ടതാണ്.



മുൻ ലക്കം തുടർച്ച....

സംബാദകൻ
ഡോ. കെ.എം. ഖാലിദ്
എഡിറ്റോറിയൽ ബോർഡ് മെമ്പർ



# പ്ലാസ്റ്റിക് റീസൈക്ലിങ്

## 2.മെറ്റീരിയൽ ശേഖരണവും വേർതിരിക്കലും

പ്ലാസ്റ്റിക് മാലിന്യം പ്ലാന്റിൽ എത്തുമ്പോൾ തന്നെ ഉത്തരവാദിത്തവും ആരംഭിക്കുന്നു.

വരുന്ന ഓരോ ലോഡും, അത് ഏത് സ്രോതസ്സിൽ നിന്നായാലും, വിതരണക്കാരന്റെ വിവരങ്ങൾ, വാഹനത്തിന്റെ വിശദാംശങ്ങൾ, പ്ലാസ്റ്റിക് മാലിന്യത്തിന്റെ കൃത്യമായ തരം, സ്രോതസ്സ് വിഭാഗം എന്നിവയുടെ വിശദമായ രേഖകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു.

വരുന്ന മെറ്റീരിയൽ കാലിബ്രേറ്റ് ചെയ്ത ഇലക്ട്രോണിക് വെയ്ബ്രിഡ്ജിൽ ഭാരം അളക്കുന്നു.

## 2.1 വേർതിരിക്കൽ


ഭാരം അളന്ന ശേഷം, മെറ്റീരിയലുകൾ തരംതിരിക്കുന്ന സ്ഥലത്തേക്ക് മാറ്റുന്നു പ്രാഥമികമായി മെറ്റീരിയൽ വൃത്തിയുള്ളതാണോ റീസൈക്കിളിങ്ങിനു അനുയോജ്യമാണോ എന്നിവ തിരിച്ചറിഞ്ഞ ശേഷം അടിസ്ഥാനപരമായി ഹാർഡ് പ്ലാസ്റ്റിക്, സോഫ്റ്റ് പ്ലാസ്റ്റിക് വേർതിരിവ് നടക്കുന്നു.

ശേഷം തൊഴിലാളികൾ സ്വഭാവസവിശേഷതകളെ അടിസ്ഥാനമാക്കി വിശദമായ വേർതിരിവ് നടത്തുന്നു

. പ്ലാസ്റ്റിക്കുകളെ ഗ്രേഡ് അടിസ്ഥാനത്തിൽ (PET, HDPE, LDPE, PP, HM, MLP) വേർതിരിക്കുന്നു.

നിറമനുസരിച്ച് തരംതിരിക്കുന്നതാണ് അടുത്ത ഘട്ടം.

**പ്ലാസ്റ്റിക് ഐഡന്റിഫിക്കേഷൻ ചാർട്ട് (റീസൈക്കിളിംഗ് ഗൈഡ്)**

| Code | Plastic Type | Common Products | Recycling Properties | Segregation Notes | Examples of Recycled Products |
|---|---|---|---|---|---|
| **1 (PET or PETE)** | Polyethylene Terephthalate | വെള്ളക്കുപ്പികൾ, സോഫ്റ്റ് ഡ്രിങ്ക് ബോട്ടിലുകൾ, ഫുഡ് പാക്കേജ് ട്രേകൾ | എളുപ്പത്തിൽ റീസൈക്കിളിന് സാധ്യം; ഫൈബർ, തുണി, കണ്ടെയ്നർ തുടങ്ങിയവയായി മാറ്റാം | വൃത്തിയാക്കി വരണ്ട നിലയിൽ സൂക്ഷിക്കുക; PVC യുമായി കലരരുത് | പോളിസ്റ്റർ തുണി, ടി-ഷർട്ട്, ബാഗുകൾ, എക്സാം പാഡ്, കണ്ടെയ്നറുകൾ |
|    | | | | | |
| **2 (HDPE)** | High-Density Polyethylene | പാല്ബോട്ടിലുകൾ, ഡിറ്റർജന്റ് കുപ്പികൾ, പൈപ്പുകൾ, കാരിബാഗുകൾ | വളരെ നല്ല രീതിയിൽ റീസൈക്കിളിന് സാധ്യം; പൈപ്പുകൾ, പ്ലാസ്റ്റിക് ലംബർ, കണ്ടെയ്നറുകൾ പോലെ ഉപയോഗിക്കുന്നു | കട്ടിയുള്ള/സെമി റിജിഡ് പ്ലാസ്റ്റിക്; ക്യാപ്പുകൾ വേർതിരിച്ച് സൂക്ഷിക്കുക | ബക്കറ്റ്, ക്രേറ്റ്, പൈപ്പ്, ബോട്ടിൽ, ഡസ്റ്റ്ബിൻ |
|    | | | | | |
| **3 (PVC)** | Polyvinyl Chloride | പൈപ്പുകൾ, വിൻഡോ ഫ്രെയിംകൾ, ബ്ലിസ്റ്റർ പാക്കുകൾ, മെഡിക്കൽ ട്യൂബുകൾ | റീസൈക്കിള് ചെയ്യാൻ ബുദ്ധിമുട്ടുള്ളത്; വിഷാംശങ്ങൾ അടങ്ങിയിരിക്കും | പ്രത്യേകം വേർതിരിക്കുക; കത്തിക്കരുത് | ഫ്ലോർ മാറ്റ്, ട്രാഫിക് കോൺ, ഗാർഡൻ ഹോസ് |
|  | | | | | |
| **4 (LDPE)** | Low-Density Polyethylene | കടബാഗുകൾ, ക്ലിംഗ് ഫിലിം, സ്ക്വീസ് ബോട്ടിലുകൾ, ബബിൾ റാപ്പ് | റീസൈക്കിള് ചെയ്യാം പക്ഷേ എല്ലാ പ്ലാന്റുകളും സ്വീകരിക്കില്ല; ടൈൽസ്, ബിൻ എന്നിവ ഉണ്ടാക്കുന്നു | ബൾക്കായി ശേഖരിക്കുക; ഭക്ഷണ മാലിന്യം ഒട്ടാതെ സൂക്ഷിക്കുക | ഗാർബേജ് ബാഗ്, ഫ്ലോർ ടൈൽ, കോംപോസിറ്റ് ലംബർ |
|    | | | | | |
| **5 (PP)** | Polypropylene | യോഗർട്ട് കണ്ടെയ്നർ, ബോട്ടിൽ ക്യാപ്പ്, അടുപ്പു കൂച്ചുകൾ, പാക്കിംഗ് ടേപ്പ് | റീസൈക്കിള് ചെയ്യാൻ അനുയോജ്യം; വാഹന ഭാഗങ്ങൾ, സ്റ്റോറേജ് ബോക്സ് എന്നിവയിലേക്ക് ഉപയോഗിക്കുന്നു | കട്ടിയുള്ള പ്ലാസ്റ്റിക്; ഫിലിം പ്ലാസ്റ്റിക്കിൽ നിന്ന് വേർതിരിക്കുക | ഫ്ലവർ പോട്ട്, ചെയർ, ഹൗസ്ഹോൾഡ് ഉൽപ്പന്നങ്ങൾ, വാഹനഭാഗങ്ങൾ |





| | | | | | |
|---|---|---|---|---|---|
| **6 (PS)** | Polystyrene | ഡിസ്പോസിബിൾ കപ്പുകൾ, പ്ലേറ്റുകൾ, ഫുഡ് കണ്ടെയ്നർ, ഇൻസുലേഷൻ | റീസൈക്കിളിംഗ് വില കുറവ്; തകരാവുന്ന സ്വഭാവം | Mix ചെയ്യാതിരിക്കുക ; കുറഞ്ഞ റീസൈക്കിളിംഗ് മൂല്യം ഉള്ളവ. | ഡെക്കറേറ്റീവ് ഫ്രെയിം, ഇൻസുലേഷൻ ബോർഡ്, ലൈറ്റ് മോൾഡിംഗ് |




| | | | | | |
|---|---|---|---|---|---|
| **7 (Other / Mixed Plastics)** | Polycarbonate, ABS, Nylon, bioplastics, multilayer packaging | CD, ബേബി ബോട്ടിൽ, മെഡിക്കൽ ഉപകരണങ്ങൾ, ചിപ്സ് കവറുകൾ, ടെട്രാ പാക്കുകൾ | റീസൈക്കിള് ചെയ്യാൻ ബുദ്ധിമുട്ടുള്ളത്; തരംപ്രകാരം വ്യത്യാസം | പ്രത്യേകം വേർതിരിക്കുക; പലപ്പോഴും സിമന്റ് ഫാക്ടറിയിലേക്ക് കോ-പ്രോസസ്സിംഗിന് അയക്കും | എക്സാം പാഡ്, ബെഞ്ചുകൾ, ടൈൽസ്, കോംപോസിറ്റ് ബോർഡുകൾ |





KSSIA NEWS
JANUARY 2026

# റെയ്ഡിന് ജി.എസ്.ടി



ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ
B.Com, LLB, MBA, LLM, Phd
ജി.എസ്.റ്റി.& സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ

**ജോയിന്റ് കമ്മീഷണർ നൽകുന്ന അനുമതിപത്രത്തിലെ ചെറിയ വീഴ്ചകൾപോലും റെയ്ഡിന്റെ തുടർനടപടികൾ അസാധുവാക്കിയേക്കാം. ബിസിനസുകാർ റെയ്ഡിന്റെ രീതികൾ സൂക്ഷ്മമായി പഠിക്കുക.**

ജി.എ.സ്ടി യുമായി ബന്ധപ്പെട്ട ഏറ്റവും നിർണായകമായ ഘടകങ്ങളിലൊന്നാണ് ജിഎസ്ടി ഡിപ്പാർട്ട്മെന്റ് ഓഫീസർമാർ നടത്തുന്ന ഇൻസ്പെക്ഷൻ. മിക്കവാറും ഇൻസ്പെക്ഷൻ പിന്നീട് സെർച്ചിലേക്ക് എത്തിപ്പെടുന്ന പ്രവണതയാണ് കാണുന്നത്. നല്ലൊരു ശതമാനം കേസുകളിലും ഇൻസ്പെക്ഷൻ നടത്തുമ്പോൾ സാങ്കേതികമായ പിഴവുകൾ സംഭവിക്കുന്നതും, അതിന്റെ പേരിൽ നികുതിദായകർ അനാവശ്യമായ ബുദ്ധിമുട്ടുകൾ നേരിടുന്നതുമാണ് യാഥാർത്ഥ്യം.

ഫോം INS-1 നൽകുന്നതിന് മുമ്പ് 'വിശ്വസിക്കാൻ തക്കതായ കാരണം' ഉണ്ടായിരുന്നു എന്നത് കൊണ്ട് മാത്രം ഒരു പരിശോധനയെ (Inspection) തിരച്ചിലായി (Search) മാറ്റാൻ സാധിക്കില്ല. പരിശോധനയ്ക്ക് അനുമതി നൽകിയ കാരണങ്ങൾ തന്നെ തിരച്ചിലിനും പര്യാപ്തമല്ല എങ്കിൽ, ഒരു പരിശോധനയെ തിരച്ചിലായി മാറ്റുന്നതിന് അധിക കാരണങ്ങൾ ഉണ്ടായിരിക്കണം. അതായത്, കണ്ടുകെട്ടാൻ സാധ്യതയുള്ള സാധനങ്ങളോ, നടപടികൾക്ക് ഉപകരിക്കുന്ന രേഖകളോ, പുസ്തകങ്ങളോ മറ്റ് വസ്തുക്കളോ ആ സ്ഥലത്ത് ഒളിപ്പിച്ചു വെച്ചിട്ടുണ്ടെന്ന വിശ്വാസത്തിന് കൂടുതൽ ശക്തമായ കാരണങ്ങൾ ഉണ്ടായിരിക്കണം . ഇത്തരത്തിലുള്ള അധിക കാരണങ്ങൾ, പരിശോധനയ്ക്കിടയിലുള്ള കണ്ടെത്തലുകളിൽ നിന്നോ അല്ലെങ്കിൽ മറ്റ് സ്വതന്ത്രമായ ഉറവിടങ്ങളിൽ നിന്നോ ലഭിക്കാവുന്നതാണ്. 'അല്ലെങ്കിൽ' എന്ന പദം സൂചിപ്പിക്കുന്നത് പരിശോധനയിൽ നിന്നല്ലാതെ മറ്റ് വഴികളിലൂടെയും ഇത്തരം വിവരങ്ങൾ ലഭിക്കാം എന്നാണ്. എന്നാൽ, തുടക്കത്തിലുള്ള കാരണങ്ങൾ തന്നെ തിരച്ചിലിന് മതിയാകുന്നതാണെങ്കിൽ, മറ്റ് അധിക കാരണങ്ങൾ ഇല്ലാതെ തുടക്കത്തിൽ തന്നെ 'പരിശോധനയ്ക്കും തിരച്ചിലിനും' ഒന്നിച്ചുള്ള അനുമതി നൽകാവുന്നതാണ്.

ചുരുക്കത്തിൽ, സാധനങ്ങളോ രേഖകളോ ഒളിപ്പിച്ചു വെച്ചിട്ടുണ്ടെന്ന ബലപ്പെടുത്തുന്ന എന്തെങ്കിലും അധിക വിവരങ്ങൾ പരിശോധനയിൽ ലഭിച്ചിരിക്കണം.

അങ്ങനെയുള്ള അധിക വിവരങ്ങൾ ഇല്ലാത്തപക്ഷം 'പരിശോധനയെ' തിരച്ചിലായി മാറ്റുന്നത് നിയമപരമായി ന്യായീകരിക്കാനാവില്ല.

'വിശ്വസിക്കാൻ തക്കതായ കാരണം' എന്നത് വെറും സംശയത്തിൽ നിന്ന് വ്യത്യസ്തമാണ്. ഇത് സംശയത്തേക്കാൾ ഉയർന്ന നിലവാരമുള്ളതും, വ്യക്തമായ തെളിവുകളെ (tangible material) അടിസ്ഥാനമാക്കിയുള്ളതുമാണ്. ഇത് വസ്തുതകളുടെ വസ്തുനിഷ്ഠമായ (objective) വിലയിരുത്തലാണ്, അല്ലാതെ വ്യക്തിപരമായ ഊഹങ്ങളോ സംശയങ്ങളോ അല്ല.

**വിശ്വസിക്കാൻ തക്കതായ കാരണം *(Reason to believe)***: ലഭ്യമായ വസ്തുതകളും അതിൽ നിന്ന് രൂപപ്പെട്ട വിശ്വാസവും തമ്മിൽ കൃത്യമായ ബന്ധം (nexus) ഉണ്ടായിരിക്കണം. ഇത് വ്യക്തവും കൃത്യവുമായ വിവരങ്ങളെയും വിശ്വസനീയമായ തെളിവുകളെയും അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. ഉദാഹരണത്തിന്: കണ്ടുകെട്ടാൻ സാധ്യതയുള്ള സാധനങ്ങൾ ഒളിപ്പിച്ചു വെച്ചിട്ടുണ്ടെന്നതിന് സ്ഥിരീകരിക്കാവുന്ന രഹസ്യവിവരം ലഭിക്കുക.

വെറും സംശയം (Mere Suspicion): വസ്തുതാപരമായ പിൻബലമില്ലാത്ത അവ്യക്തമായ ധാരണയാണിത്. തിരച്ചിൽ, പിടിച്ചെടുക്കൽ തുടങ്ങിയ ശക്തമായ നടപടികളെ ന്യായീകരിക്കാൻ ഇത് മതിയാകില്ല.

ഉദാഹരണത്തിന്: നികുതി വെട്ടിപ്പിനെക്കുറിച്ചുള്ള സ്ഥിരീകരിക്കാത്ത ഒരു അഭ്യൂഹം.

വിശ്വാസത്തിന് ആധാരമായ കാരണങ്ങൾക്ക്, രൂപപ്പെട്ട വിശ്വാസവുമായി യുക്തിസഹമായ ബന്ധമുണ്ടോ (rational nexus) എന്നും, അത് നിയമത്തിന്റെ ഉദ്ദേശത്തിന് വിരുദ്ധമല്ലെന്നും പരിശോധിക്കാൻ കോടതിക്ക് അധികാരമുണ്ട്. സിജിഎസ്ടി നിയമത്തിലെ സെക്ഷൻ 67(1) അല്ലെങ്കിൽ 67(2) പ്രകാരം അനുമതി നൽകുന്നതിനുള്ള 'വിശ്വസിക്കാൻ തക്കതായ കാരണങ്ങൾ' ഉണ്ടോ എന്നത് ഒരു റിട്ട് കോടതിക്ക് (***Writ Court)*** മുന്നിൽ ചോദ്യം ചെയ്യാവുന്ന വിഷയമാണ്. ജോയിന്റ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ തോന്നുംപടി അനുമതി നൽകാൻ പാടില്ല. അനുമതി നൽകുന്നതിനുള്ള അടിസ്ഥാനത്തിന്റെ അസ്തിത്വവും പര്യാപ്തതയും കോടതികൾക്ക് ചോദ്യം ചെയ്യാവുന്നതാണ്.

ഇവയെല്ലാം പരിഗണിക്കുമ്പോൾ, ഇൻസ്പെക്ഷൻ അല്ലെങ്കിൽ തിരച്ചിൽ നടത്തുന്നതിന് 'വിശ്വസിക്കാൻ തക്കതായ കാരണം' എന്ന നിയമപരമായ മാനദണ്ഡം കർശനമായി പാലിക്കപ്പെടേണ്ടതാണ്. പാലിക്കപ്പെട്ടിട്ടുണ്ടോയെന്നത് കോടതികൾക്ക് മാനദണ്ഡം പരിശോധിക്കാവുന്ന വിഷയമായതിനാൽ, അതിന് മതിയായ വസ്തുതാപരമായ അടിത്തറ ഇല്ലാതെ സ്വീകരിക്കുന്ന നടപടികൾ നിയമപരമായി നിലനിൽക്കില്ല.

നിയമത്തിലെ സെക്ഷൻ 74 അതിനാൽ, ഇൻസ്പെക്ഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ജി.എസ്.ടി പ്രകാരം യാന്ത്രികമായി നടപ്പിലാക്കി, ബിസിനസുകാർക്ക് അധിക നികുതി, പിഴ, പലിശ എന്നിവ അടയ്ക്കാനുള്ള ഷോകോസ് നോട്ടീസുകളോ, അഡ്ജൂഡിക്കേഷൻ ഓർഡറുകളോ നൽകുമ്പോൾ, അതിന് മുൻപുള്ള ഇൻസ്പെക്ഷൻ/റെയ്ഡിന്റെ നിയമപരമായ സാധുത സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. നിയമപരമായ അപാകതകൾ തെളിഞ്ഞാൽ, ഇൻസ്പെക്ഷൻ/റെയ്ഡ് തന്നെ അസാധുവാകാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.



KSEB

**KERALA STATE ELECTRICITY BOARD Ltd**
(Incorporated under the Companies Act, 1956)
Registered Office: Vydyuthi Bhavanam, Pattom, Thiruvananthapuram - 695 004
CIN: U40100KL2011SGC027424 Web: www.kseb.in
Phone : 0471 2514711 Email :ddkseb@kseb.in

## ABSTRACT

Voluntary Declaration of Connected Load (VDS) - Sanctioned - Orders issued.

**CORPORATE OFFICE (SBU-D)**

B.O.(FTD) No. 804/2025 (KSEBL/DIR/DIST/920/2025-AE5) Dated: 31.12.2025
Thiruvananthapuram.

## ORDER

Voluntary Declaration Scheme (VDS) for regularization of connected load was introduced by KSEB Ltd as part of the Ease of Doing Business reforms initiated by the Government of Kerala. The scheme enabled LT consumers to declare their actual connected load through self-declaration and to regularize the same without remitting application fee, testing fee, or additional security deposit at the time of declaration. The objective was to simplify procedures, ensure accuracy in connected load data in the billing system, and to promote conformance of provisions of the Kerala Electricity Supply Code, 2014.

The self-declaration facility for load regularization was reintroduced through the B.O. read as 2nd above, reopening the scheme with waiver of fees and deposits during the notified period. Consumers were required to bear only the expenses for network enhancement or voltage level change, if necessitated by the declared load. Based on encouraging field participation from Government hospitals, educational institutions, and other public establishments, the facility was subsequently extended to all LT consumers, making it one of the major Ease of Doing Business initiatives of KSEBL.

Due to restrictions on public transport during the COVID-19 pandemic and the local body elections held in December 2020, many consumers could not avail themselves of the facility, and the scheme was further extended to maximize coverage. An online facility for voluntary disclosure of connected load was also introduced through the web portal wss.kseb.in to facilitate applications without visiting Electrical Section Offices. Deputy Chief Engineers of Electrical Circles were instructed to conduct special drives to ensure consumer participation and to review progress at regular intervals. Field reports indicated necessity of extending the scheme due to overlapping implementation of the One-Time Settlement (OTS) scheme and inadequate awareness among consumers. Accordingly, the Chairman and Managing Director directed that the extension be treated as the final opportunity for consumers to regularize their connected load voluntarily and that awareness campaigns be intensified before the scheme's closure, as per B.O. read as 15th above.

Considering the upcoming introduction of per kVA estimation for providing service connections presently under consideration of the KSERC, the implementation of Time-of-Day (ToD) metering for domestic consumers, and the lackadaisical consumer participation earlier due to elections and festival seasons, it was proposed to reopen the Voluntary Declaration Scheme once again. This would provide consumers an opportunity to regularize their connected load prior to implementation of demand-based estimation of the cost of service connection and revised metering systems, ensuring accuracy of load data and aiding KSEBL in efficient system planning and demand management.

The matter was placed before the Full Time Directors as per note read as 16th above. The FTD has observed that consumers may be educated through short explanatory videos and by providing a ready-to-use connected load calculator on the KSEBL website, enabling them to easily assess their connected load and facilitate load regularization without dependence on technical experts. Director (Distribution) shall coordinate the implementation of the above with the assistance of PRO and CE (IT).

Having considered the matter in detail, the Full Time Directors, in its meeting dated 18.12.2025 passed the following resolutions,

a. Resolved to accord sanction to reopen the facility for revising connected load for all LT consumers based on self-declaration up to 31.03.2026, subject to the condition that in cases where an objection exists from any statutory authority, the load regularization shall be taken up under this scheme, only if the objection is cleared.

b. Further resolved to authorize the Chief Engineer (IT, CR & CAPS) to reopen the online facility for the Voluntary Declaration Scheme through the web portal wss.kseb.in.

c. Further resolved to authorize the Deputy Chief Engineers of Electrical Circles to initiate a drive for getting the loads of all LT consumers regularized by encouraging them to make use of the online facility, or, in case required, by approaching the consumers for disclosing and entering details of all connected loads.

d. Further resolved to direct the Deputy Chief Engineers of Electrical Circles to ensure that the progress of the Scheme is reviewed at all levels, throughout the scheme period, and to furnish a consolidated statement through the concerned Chief Engineer to the office of the Director (Distribution).

e. Further resolved to entrust the Public Relations Officer, KSEBL, to give wide publicity to the reopening of the above scheme through print, electronic, and social media.

f. Further resolved that the Director (Distribution) shall coordinate the implementation of load regularization awareness initiatives.

Orders are issued accordingly.

By Order of the Full Time Directors


31/12/2025

Lekha.G

Company Secretary

MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ



# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് വലിയ ഉയരങ്ങൾ താണ്ടാം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

**ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു**

- **10 ലക്ഷം രൂപ വരെ സബ്സിഡി**
  യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

- **എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**
  സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

- **പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ**
  പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം



കൂടുതൽ വിവരങ്ങൾക്ക്
**ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക**

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
മൂന്നാം നില, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip
**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org

**പി.എം.എഫ്.എം.ഇ. കേരളം ഹെൽപ് ലൈൻ: 97470 22883**

പ്രിയ വ്യവസായ സുഹൃത്തുക്കളെ,

അതി ജീവനമാണ് പല വ്യവസായങ്ങളും ഇന്ന് നേരിട്ട് കൊണ്ടിരിക്കുന്ന പ്രതിസന്ധി. രാജ്യ പുരോഗതിയുടെ നട്ടെല്ലായ GDP സംഭാവനയിൽ ഏറ്റവും മുൻപിൽ നിൽക്കുന്ന MSME യൂണിറ്റുകൾ പലപ്പോഴും അർഹിക്കുന്ന പരിഗണന ലഭിക്കാതെ പോകുന്ന ഒരു സാഹചര്യം രാജ്യത്തുണ്ട് എന്നുള്ളത് ചിന്തിക്കാതിരിക്കാൻ സാധിക്കില്ല. ഈ പ്രതിസന്ധികളെ മറികടക്കാൻ വ്യവസായികൾ പുതു വഴികൾ തേടേണ്ടതുണ്ട്. അന്യ സംസ്ഥാന ത്തെയും വിദേശത്തെയും മാർക്കറ്റുകൾക്കൊപ്പം നമ്മുടെ സംസ്ഥാനത്തെ മാർക്കറ്റിനെ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാൻ വ്യവസായികൾ വേറിട്ട വഴികൾ തിരഞ്ഞെടുക്കാൻ ശ്രമിക്കുന്നത് അഭിനന്ദനീ യമാണ്. അതോടൊപ്പം അത് പൊതു ജനത്തിന് ഉപകാരപ്രദമായ രീതിയിൽ ആവുകയും വേണം.

അത്തരത്തിൽ ഒരു ഉദ്യമം നമ്മുടെ KSSIA സംഘടനയോട് അഫിലിയേറ്റ് ചെയ്തിരിക്കുന്ന Small Scale Packaged Drinking Water Manufactures തുടങ്ങിയിരിക്കുന്നതിൽ അവരെ അഭിനന്ദിക്കുവാൻ ഞാൻ ഇ അവസരം ഉപയോഗിക്കുന്നു. ‘ KERAM JEEVAJALAM ’എന്ന സിംഗിൾ Brand Name ഇൽ ISI യും FSSAI യും നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡത്തിൽ ഉത്പാദനം നടത്തി നേരിട്ടോ അല്ലെങ്കിൽ Authorised and Registered Distributor വിലയിൽ ഉപഭോക്താക്കളിൽ എത്തിക്കുക എന്നതാണ് അവർ ലക്ഷ്യം ഇടുന്നത്. അതുവഴി 20 ലിറ്റർ കുടിവെള്ളത്തിൽ 100% ക്വാളിറ്റി ഉറപ്പു വരുത്താനും സാധിക്കും.

തിരുവനന്തപുരം MASCOT ഹോട്ടലിൽ ബഹുമാനപെട്ട വ്യവസായ മന്ത്രി ശ്രീ രാജീവ് ഉത്ഘാടനം ചെയ്ത വേളയിൽ ഞാനും പങ്കെടുത്തിരുന്നു. ഒരു കൂട്ടം സാമൂഹിക പ്രതിബദ്ധതയുള്ള ഉല്പാദകരെ സങ്കടിപ്പിച്ചു ഇത്തരം ഒരു ഉദ്യമത്തിന് നേതൃത്വം നൽകിയ ശ്രീ എംവി സോമൻപിള്ള അവർകളെ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ ഉദ്യമത്തിന് KSSIA യുടെ എല്ലാവിധ സഹായ സഹകരണങ്ങളും ഈ അവസരത്തിൽ വാഗ്ദാനം ചെയ്യുന്നു.

**President, KSSIA**



# അംഗങ്ങളുടെ ശ്രദ്ധക്ക്

**2026 – 2027 വർഷത്തെ മെമ്പർഷിപ്പ് പുതുക്കുന്നതിനെ സംബന്ധിച്ച്.**

KSSIA അംഗങ്ങളുടെ വരിസംഖ്യ എല്ലാ വർഷവും മാർച്ച് 31 നുള്ളിൽ പുതുക്കുകയും പുതുക്കിയവരുടെയും പുതി യതായി ചേർന്ന അംഗങ്ങളുടെയും ലിസ്റ്റും അവരുടെ വിഹിതവും സംസ്ഥാന സംഘടനയ്ക്ക് മെയ് മാസം 15 –ാം തീയതിക്കുള്ളിൽ അയച്ചു തരണമെന്ന നിയമാവലി അനുശാസിക്കുന്ന കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. നടപ്പുവർഷം 2026 – 2027 സംസ്ഥാന, ജില്ലാ, താലൂക്ക് ഭരണ സമിതികളുടെ തെരഞ്ഞെടുപ്പു കാലഘട്ടമായതിനാൽ നില വിലെ അംഗങ്ങളുടെ വരിസംഖ്യ പുതുക്കേണ്ട അവസാന തീയതി 2026 ഏപ്രിൽ മാസം 30 വരെയാണ്. ഇതനുസരിച്ച് പുതിയതായി ചേരുന്ന അംഗങ്ങളുടെ പ്രവേശന ഫീസായി 200 രൂപയും വാർഷിക സംഖ്യ 800 രൂപയും മാഗസിൻ വരിസംഖ്യ 250 രൂപയും ഉൾപ്പെടെ 1250 രൂപ പുതിയ അംഗങ്ങളിൽ നിന്നും ജില്ലകൾ വാങ്ങിക്കേണ്ടതാണ്. നിലവിലുള്ള അംഗങ്ങളുടെ വരിസംഖ്യ പുതുക്കൽ ഫീസായി 800 രൂപയും മാഗസിൻ വരിസംഖ്യ 250 രൂപയും ഉൾപ്പെടെ 1050 രൂപ നിലവിലുള്ള അംഗങ്ങളിൽ നിന്നും ഓരോ വർഷവും വാങ്ങിക്കേണ്ടതാണ്. നിലവിലുള്ള അംഗങ്ങളുടെ വരിസംഖ്യ ഇനത്തിൽ ഫീസായി ഒരു വർഷത്തേയ്ക്ക് 200 രൂപയും മാഗസീൻ വരിസംഖ്യ 250 രൂപയും ഉൾപ്പെടെ 450 രൂപയും പു തിയ മെമ്പർഷിപ്പ് പ്രവേശനഫീസ് ഇനത്തിൽ 50 രൂപയും മാഗസീൻ വരിസംഖ്യ 250 രൂപയും വരിസംഖ്യ 200 രൂപയും ഉൾപ്പെടെ 500 രൂപ വെച്ചു കണക്കാക്കിയായിരിക്കണം സംസ്ഥാനത്തിന് വിഹിതം അയയ്ക്കേണ്ടത്. മുൻ വർഷങ്ങളിൽ കുടിശ്ശിഖ ഉണ്ടെങ്കിൽ അവരുടെ ഓരോ വർഷത്തെ പുതുക്കൽ ഫീസായി 450 രൂപവെച്ചു സംസ്ഥാന സംഘടനയ്ക്ക് അയയ്ക്കണം. ഓരോ വർഷവും നിയമാവലി അനുസരിച്ചുള്ള ഫീസാണു ജില്ലകൾ പിരിക്കുന്നതും സംസ്ഥാന സംഘടന യ്ക്കുള്ള വിഹിതവും അയയ്ക്കുന്നതും.

# ഏതൊരു സംരംഭത്തിനും വായ്പ എടുക്കാവുന്ന ടി.എഫ്.ആർ.

ഏതൊരു സംരംഭകനും എളുപ്പത്തിൽ വായ്പ എടുക്കാവുന്ന ഒരു പദ്ധതിയാണ് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് അഥവാ ടി എഫ് ആർ. വ്യവസായം, വ്യാപാരം, സേവനം തുടങ്ങി, സംരംഭം എന്തുമാകട്ടെ എളുപ്പത്തിൽ വായ്പയെടുക്കാൻ കഴിയുന്ന ഒരു മാർഗ്ഗമാണ് ടി എഫ് ആർ.വ്യവസായ വകുപ്പ് വ്യാപകമായി നടപ്പാക്കി വരുന്ന വായ്പ പദ്ധതിയാണ് ടി എഫ് ആർ. എത്ര ചെറിയ തുകയും വലിയ തുകയും ഇത് പ്രകാരം നിങ്ങൾക്ക് വായ്പ എടുക്കാം.

പരിശോധിക്കുന്നത് സാധ്യതകൾ

അപേക്ഷയിൽ മുഖ്യമായും പരിശോധിക്കുന്നത് സാങ്കേതികമായും സാമ്പത്തികമായും ഈ സംരംഭം വിജയിക്കുമോ ഇല്ലയോ എന്നുള്ളതാണ്. അതിൻറെ വിപണി, വില, ഉൽപ്പന്നങ്ങളുടെ കിടമത്സരം എന്നിവയെല്ലാം സാമ്പത്തിക സാധ്യതയിൽ പരിശോധിക്കപ്പെടും. അതോടൊപ്പം സാങ്കേതികമായി ഇത്തരം ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളും പരിശോധനയ്ക്ക് വിധേയമാക്കും. ടെക്നോളജി, സാങ്കേതിക പരിചയം, സാങ്കേതികമായി വിജയിക്കാനുള്ള സാധ്യതകൾ എന്നിവയെല്ലാം പരിശോധിക്കും.ഈ രണ്ടു ഘടകങ്ങൾ വിലയിരുത്തിയാണ് പദ്ധതി ശുപാർശ ചെയ്യുന്നത്.

## <u>വായ്പ ആനുകൂല്യങ്ങൾ</u>

>>നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ ആവശ്യകതയ്ക്ക് അനുസരിച്ച് വായ്പ ലഭിക്കും.

>> പുതു സംരംഭത്തിന് ഇത് പ്രകാരം വായ്പക്ക് അപേക്ഷിക്കാം.

>>നിലവിലുള്ള സംരംഭം വിപുലീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിന് വായ്പ ലഭിക്കും.

>> വ്യാപാരം, സേവനം, വ്യവസായം എന്നിവയ്ക്കെല്ലാം ലഭിക്കും.

>> സമയ വായ്പ ( ടേം ലോൺ ) , പ്രവർത്തന മൂലധന വായ്പ എന്നിവയ്ക്ക് ഒരുമിച്ചും പ്രത്യേകമായും എടുക്കാം.

>>സ്വന്തം സ്ഥലമോ രജിസ്റ്റർ ചെയ്ത ലീസ് എഗ്രിമെൻറ് ഉള്ള സ്ഥലമോ ആണെങ്കിൽ കെട്ടിടംനിർമ്മിക്കുന്നതിനും വായ്പ കിട്ടും. സാധാരണഗതിയിൽ മെഷിനറി,ഇലക്ട്രിഫിക്കേഷൻ, പ്രവർത്തന മൂലധനം എന്നിവയെല്ലാം വായ്പ കിട്ടും.

>> എന്നാൽ വസ്തു വാങ്ങുന്നതിന് വായ്പ ലഭിക്കുകയില്ല.

>> പ്രൊപ്രൈറ്ററി സ്ഥാപനങ്ങൾ, പങ്കാളിത്ത സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കമ്പനികൾ, LLP കൾ എന്നിവയ്ക്കെല്ലാം അർഹത ഉണ്ടാകും.

>> ഇതുപ്രകാരം പ്രത്യേക സബ്സിഡി പറയുന്നില്ല എന്നാൽ ഇ എസ് എസ് പ്രകാരം 15 ശതമാനം മുതൽ 45% വരെ നിർമ്മാണ സ്ഥാപനങ്ങൾക്ക് സബ്സിഡിക്ക് അർഹതയുണ്ട്.

>>ക്രെഡിറ്റ് ഗ്യാരണ്ടി പദ്ധതി പ്രകാരം പ്രത്യേക സെക്യൂരിറ്റി ഇല്ലാതെയും വായ്പ അനുവദിക്കും. ഇപ്രകാരം അനുവദിക്കാവുന്ന വായ്പയുടെ പരിധി 10 കോടിയായി ഉയർത്തിയിട്ടുണ്ട്.

>> പത്തുലക്ഷം രൂപയിൽ അധികരിക്കാത്ത നിർമ്മാണ സേവന മൂല്യ വർദ്ധക സംരംഭങ്ങൾക്ക് നാനോ മാർജിൻ മണി ഗ്രാൻഡ് പദ്ധതി പ്രകാരം 30 മുതൽ 40 ശതമാനം വരെ സബ്സിഡി ലഭിക്കും.

>> ഒരു ഭവനം ഒരു സംരംഭം പദ്ധതി പ്രകാരം 10 ലക്ഷം രൂപ വരെയുള്ള എല്ലാ സംരംഭ വായ്പകൾക്കും ആറു ശതമാനം വരെ പലിശ ഇളവ് ലഭിക്കും. ഇത് അഞ്ചുവർഷം തുടർച്ചയായി ലഭിക്കും.

### അർഹത

>> ഉദ്യം രജിസ്ട്രേഷൻ ഉള്ള എല്ലാ സംരംഭങ്ങൾക്കും അർഹതയുണ്ട്.



>>പ്രായം , വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം  എന്നീ നിബന്ധനകൾ ഇല്ല.

>>സിബിൽ സ്കോർ ബാധകം ആയിരിക്കും.

സംരംഭകന്റെ വിഹിതം

സമയ വായ്പയ്ക്ക് കുറഞ്ഞത് 20 % വും പ്രവർത്തന മൂലധന വായ്പക്ക് 40% വും സംരംഭകന്റെ വിഹിതമായി സാധാരണ രീതിയിൽ കണ്ടെത്തേണ്ടിവരും.

**പലിശ നിരക്ക്**

അതത് ബാങ്ക് കളുടെ പലിശ നിരക്ക് ആയിരിക്കും ബാധകമായിട്ടുള്ളത്. സാധാരണയായി 8.5% മുതൽ 12% വരെ ഇത് വരാറുണ്ട്.

അപേക്ഷയിലെ നടപടിക്രമങ്ങൾ

ഇതിന് പ്രത്യേകമായ അപേക്ഷ ഫോറങ്ങൾ നിഷ്കർഷിച്ചിട്ടില്ല. സ്ഥിര ആസ്തികൾ സമ്പാദിക്കുന്നതിന് ആവശ്യമായ കൊട്ടേഷനുകൾ .വിശദമായ പദ്ധതി രൂപരേഖ , ഉദ്യം രജിസ്ട്രേഷൻ, സംരംഭകന്റെ തിരിച്ചറിയൽ രേഖകൾ എന്നിവ ഹാജരാക്കണം. സ്വയം തയ്യാറാക്കിയ അപേക്ഷ സമർപ്പിച്ചാൽ മതി. ജില്ലാ വ്യവസായ കേന്ദ്രത്തിലോ താലൂക്ക് വ്യവസായ ഓഫീസുകളിലോ നേരിട്ട് അപേക്ഷ സമർപ്പിക്കാം. കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർ മുഖേനയോ  അപേക്ഷ സമർപ്പിക്കാം. ഇപ്പോൾ ഗ്രാമപഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും സേവനമനുഷ്ഠിക്കുന്ന ബിസിനസ് സർവീസ് പ്രൊവൈഡർമാർ വഴിയും അപേക്ഷ സമർപ്പിക്കാം. പദ്ധതിയുടെ സാങ്കേതിക സാമ്പത്തിക സാധ്യതകൾ പരിശോധിച്ച് വായ്പയ്ക്കായി വ്യവസായ വകുപ്പ് ബാങ്കുകളിലേക്ക് ശുപാർശ ചെയ്യുന്നു. ബാങ്ക് അതിൻറെ നടപടിക്രമങ്ങൾ പൂർത്തിയാക്കി വായ്പ അനുവദിക്കുന്നു. വായ്പ കൈപ്പറ്റി സ്ഥാപനം പ്രവർത്തനം ആരംഭിച്ചതിനു ശേഷം  ഇ എസ് എസ് പോലുള്ള സബ്സിഡി ആനുകൂല്യങ്ങൾക്ക്  അപേക്ഷിക്കാം.

ടി. എസ്. ചന്ദ്രൻ

മുൻ ഡെപ്യൂട്ടി ഡയറക്ടർ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്

# IIE & Mahavyavasayi Sangamam Photos



നിലവിലുള്ള കണക്ടഡ് ലോഡിൽ കൂടുതൽ മോട്ടോർ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അത് ക്രമീകരിക്കാനുള്ള സമയപരിധി മാർച്ച് 31 വരെ അനുവദിച്ചു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ കെ കൃഷ്ണൻകുട്ടി അവർകൾക്ക് ഭാരവാഹികൾ നിവേദനം നൽകുകയും, അതിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ ചർച്ചയിൽ ഈ ആവശ്യം മന്ത്രി അംഗീകരിക്കുകയുംചെയ്തു.



ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയോട് അനുബന്ധിച്ചു നടന്ന വ്യവസായി മഹാ സംഗമം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി ശ്രീ കെ എൻ ബാലഗോപാൽ അവർകൾ ഉദ്ഘാടനം ചെയ്യുന്നു




2026 ജനുവരി മാസം അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് നടന്ന ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയുടെ രണ്ടാം ദിന ചടങ്ങിൽ ശ്രീ എം. ബി.രാജേഷ് അവർകൾ വ്യവസായ സംഗമത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുന്നു.




2026 ജനുവരി മാസം അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് നടന്ന ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയിൽ പങ്കെടുത്ത ജപ്പാൻ കമ്പനിയായ കുരീത്തയുടെ പാർട്ണേഴ്സിനെ അനുമോദിക്കുന്നു



2026 ജനുവരി മാസം അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് നടന്ന ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയുടെ സമാപന ചടങ്ങിൽ വെച്ച് കണ്ണൂർ ജില്ലയിലെ കെ. എസ്. എസ്. എഫ്. അംഗമായ ശ്രീമതി അന്നമ്മ കുര്യന്റെ മരണാനന്തര സഹായം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി ശ്രീ കെ എൻ ബാലഗോപാൽ അവർകൾ അവരുടെ ( ശ്രീമതി അന്നമ്മ കുര്യന്റെ ) കുടുംബാംഗങ്ങൾക്ക് നൽകുന്നു




2026 ജനുവരി മാസം അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് നടന്ന ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയുടെ സമാപനദിന ചടങ്ങിൽ ബഹു. പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ അവർകൾ വ്യവസായ സംഗമത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുന്നു.



കണ്ണൂർ ചെമ്പർ ഓഫ് കൊമേഴ്സിൽ കൂടിയ ഇൻവെസ്റ്റേഴ്സ് മീറ്റിംഗിൽ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. മുഹമ്മദ് അനീഷ് കഅട, സംസ്ഥാന പ്രസിഡണ്ട് ശ്രീ എ നിസ്സാറുദ്ദീൻ, കണ്ണൂർ ജില്ലാ പ്രസിഡണ്ട് ശ്രീ അബ്ദുൽ കരീം എന്നിവർ പങ്കെടുക്കുന്നു.






















www.iiie.in
KSSIA
METRO
INDIA INTERNATIONAL
VYVASAYI


KSSIA
METRO
ERNATIONAL
STRIAL
16 17 18
SAYI
ANGAMAM



iBELL
POWER TOOLS
WELDING MACHINES
&


www.iiie.in
KSSIA
METRO
INDIA INTERNATIONAL
VYVASAYI




KSSIA
METRO
INDIA INTERNATIONAL
INDUSTRIAL
VYVA

25th January 2026, Kalamassery
Regn. No. KERBIL/2005/23143
KSSIA NEWS
Journal of The Kerala State Small Industries Association
Price ₹ 5.00




Publisher **A.Nizarudeen** and Printer Rajesh G. on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94477 10078, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.